# തൊഴിലപകടത്തിൽ ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട ഡ്രൈവർക്ക് 100% അവശതാനുകൂല്യം

## മദ്രാസ് ഹൈക്കോടതി

C.M.A. No. 2496/2013 Dt. 9.3.2020

എസ്. മുരുകാനന്ദം x വി. സരള

തൊഴിലാളി ടൂറിസ്റ്റ് കാറിന്റെ ഡ്രൈവറായിരുന്നു. 2011-ൽ ഒരു ദിവസം അയാൾ കാർ ഓടിച്ചു പോകുമ്പോൾ എതിർദിശയിൽ നിന്നു വന്ന ലോറി കാറുമായി നേർക്കു നേർ കൂട്ടിയിടിക്കുകയും കാർ ഡ്രൈവർക്ക് ഗുരുതരമായി പരിക്കേല്ക്കുകയും ചെയ്തു. തലയിലും മുഖത്തുമാണ് അയാൾക്ക് കൂടുതൽ പരിക്കുണ്ടായിരുന്നത്. ആശുപത്രിയിലെത്തിച്ച് ചികിത്സിച്ചെങ്കിലും പൂർണ്ണ സൗഖ്യം നേടാൻ അയാൾക്ക് കഴിഞ്ഞില്ല. അയാൾക്ക് യാതൊരു ജോലിയും ചെയ്യാനാവാത്ത അവസ്ഥയായി. മാത്രമല്ല അയാളുടെ വലത്ത് കണ്ണിന്റെ കാഴ്ച പൂർണ്ണമായി നഷ്ടപ്പെടുകയും ചെയ്തു. തുടർന്ന് നഷ്ടപരിഹാരമാവശ്യപ്പെട്ട് അയാൾ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ സമർപ്പിച്ചു. തൊഴിലാളിയുടെ ശാശ്വത അവശത 50% ആണെന്ന് കണക്കാക്കിയ കമ്മീഷണർ വാഹനത്തിന്റെ ഇൻഷുറൻസ് കമ്പനി നഷ്ടപരിഹാരമായി 4,53,912 രൂപ ഡ്രൈവർക്ക് നല്കണമെന്ന് വിധിച്ചു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. വലത്തു കണ്ണിന്റെ കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ട തനിക്ക് യാതൊരു ജോലിയും ചെയ്യാൻ സാധിക്കില്ലെന്നും ശാശ്വത അവശത 100% ആണെന്ന് പരിഗണിച്ച് നഷ്ടപരിഹാരം വർദ്ധിപ്പിക്കേണ്ടതാണെന്നും തൊഴിലാളി വാദിച്ചു. ഇതു പരിഗണിച്ച ഹൈക്കോടതി തൊഴിലാളിയെ വീണ്ടും മെഡിക്കൽ ബോർഡിന്റെ പരിശോധനക്ക് വിധേയമാക്കി. തൊഴിലാളിയുടെ വലത്തു കണ്ണിന്റെ കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്ത മെഡിക്കൽ ബോർഡ് തൊഴിലാളിയുടെ ശാശ്വത അവശത 30% ആണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. അപകടത്തിനു മുമ്പ് ചെയ്തിരുന്ന ജോലി അപകടത്തിനു ശേഷം ചെയ്യാൻ സാധിക്കാത്തവിധം തൊഴിലാളിക്ക് ശാശ്വത അവശതയുണ്ടെങ്കിൽ 100% അവശതാനുകൂല്യം ലഭിക്കാൻ തൊഴിലാളിക്ക് അർഹതയുണ്ടെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. അപകടത്തിൽ ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട ഡ്രൈവർക്ക് ഡ്രൈവിങ് ജോലി തുടർന്ന് ചെയ്യാൻ സാധിക്കില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി തൊഴിലാളിക്ക് 100% അവശതാനുകൂല്യം നല്കണമെന്ന് ഇൻഷുറൻസ് കമ്പനിക്ക് നിർദ്ദേശം നല്കുകയും തൊഴിലാളിയുടെ അപ്പീൽ അനുവദിക്കുകയും ചെയ്തു.